## നോവൽ



# ശാന്തി നക്ഷത്രം

### എട്ട്

പെട്ടെന്നാണ് അവിടെ ശാന്തത പരന്നത്. പ്രകൃതിപോലും നിശ്ചലമായി. പട്ടാളക്കാരുടെ നാവുകൾ താണു. അവരുടെ പൊട്ടിച്ചിരിയും അട്ടഹാസവും നിന്നു. ദയനീയമായി നിലവിളിക്കുന്ന അടിമകളുടെ ശബ്ദവും നിന്നു. എല്ലാവരും നിശബ്ദതയിലേക്ക് തലകുത്തി വീണു.

അവരെല്ലാം ഞെട്ടിത്തിരിഞ്ഞു് നോക്കിയതു് ആമോസിന്റെ മുഖത്തേക്കായിരുന്നു. ആ മുഖത്തിന്റെ ശക്തിയുള്ള പ്രകാശം അവരെ ഞെട്ടിച്ചു. ആ കണ്ണുകളിൽ സൂര്യന്മാർ ഉയരുന്നതുപോലെ തോന്നി. ആ ചുണ്ടുകൾ അനാദികാലത്തിന്റെ പ്രകൃതി സ്തുതികൾ പാടും പോലെ. പട്ടാളക്കാർക്ക് ഭയം തോന്നി. ആമോസിനു ചുററും ഒരു പ്രകാശവലയം അവർ കണ്ടു. പരിതാപഭ്രതരായ പട്ടാളക്കാർ പുറകോട്ട് നടക്കാൻ തുടങ്ങി.

'അനങ്ങരുതു്'

അജ്ഞാതമായ ഒരു ശബ്ദം ആദിയിൽനിന്നു ഉയരുന്നതുപോലെ. ആ ശബ്ദത്തിന്റെ ധ്വനി ഗാംഭീര്യം ചട്ടുലത ഇതൊന്നും അവർ നേരത്തേ കേട്ടതായിരുന്നില്ല. പട്ടാളക്കാർ നിശ്ചലം നിന്നു.

വണ്ടിച്ചക്രം കയററാൻ കാപ്പണിഞ്ഞു് നിന്ന ആരാച്ചാരന്മാർ വഴതിമാറി.

'ഹേ പട്ടാളക്കാരെ, നിങ്ങൾ സാധുക്കൾ! എങ്കിലും പരിശുദ്ധനും നീതിമാനുമായ കർത്താവിന്റെ തിരുമുമ്പിൽ നിങ്ങൾ തെററുകാർ, കുററക്കാർ നിങ്ങൾക്ക് ദൈവം ശിക്ഷ വിധിച്ചിരിക്കുന്നു. നിങ്ങളുടെ പാപത്തിന്റെ ശിക്ഷാസമയം അടുത്തിരിക്കുന്നു. ഈ നിരപരാധികളെ കൊന്നു രസിക്കുന്നതു് നിങ്ങൾ രാജാവിന്റെ ഉത്തരവനുസരിച്ചാണ്. നിങ്ങൾ രാജാവിനോട് പറയൂ സമയം അടുത്തിരിക്കുന്നുവെന്നു്. ദൈവം ആകാശത്തിന്റെ വാതൽ തുറന്നു് അഗ്നിയായി, പുകയായി എല്ലാററിനെയും നശിപ്പിക്കാൻ പോകുന്നുവെന്നു്. ഓർമ്മിക്കൂ. അവൻ എല്ലാം കണ്ടുമടുത്തു. നിങ്ങളുടെ ശിരസ്സുകൾക്കുമീതേ അഗ്നിപവ്വതം പൊട്ടിത്തെറിക്കും. ആകാശത്തുനിന്നു വെള്ളിടികൾ ഇറങ്ങി വരും. രാജ്യത്തിന്റെ എല്ലാ വാതിലുകളും തുറന്നു് അഗ്നിയുടെ നാക്കുകൾ നിങ്ങളെ പൊതിയും. കൊടുങ്കാററിന്റെ പൊട്ടിച്ചിരിയിൽ നിങ്ങളുടെ ചിരി ലയിക്കും. നിങ്ങളുടെ ജീവൻ അഗ്നിയിൽ പൊരിയും. കാററിൽ പറത്തും മരുഭൂമിയായി എല്ലാം അവസാനിക്കാൻ പോകുന്നു....'

ഓരോ ശബ്ദവും ആ പട്ടാളക്കാരെ ഞെട്ടിച്ചു. അവർ ചെവികൾ പൊത്തിപ്പിടിച്ചു. പക്ഷേ ശബ്ദം അവരെ വിറപ്പിച്ചു. അവരുടെ തലകൾ പൊട്ടിത്തകരാൻ വിറകൊണ്ടു. മഞ്ഞിൽ, കനത്ത കുളിരിൽ, അവർ വിറയ്ക്കാൻ തുടങ്ങി.

പിന്നെ അവർ നിന്നില്ല–

പിന്തിരിഞ്ഞ പട്ടാളക്കാർ ഓടാൻ തുടങ്ങി.

ഇടയ്ക്ക് അവർ ഒന്നു പിന്തിരിഞ്ഞു. അന്തരീക്ഷത്തിലേക്ക് തേജസ്സ് പകന്നേറുന്ന ഒരു രൂപം അവിടെ ജ്വലിക്കുന്നു.

ആമോസ് ആ പാവങ്ങളെ മോചിപ്പിച്ചു.

അവർ ആമോസിനെ വന്ദിച്ചു. തങ്ങളെ രക്ഷിച്ച ആ പുണ്യാത്മാവിന് അവർ നന്ദി പറഞ്ഞു–

അതുകേട്ട് ആമോസ് പുഞ്ചിരിച്ചു.

ശാന്തമായ പുഞ്ചിരി.

അന്നദ്ദേഹം ചന്തയിൽ പോയില്ല. ആപ്പിൾ ആ പാവങ്ങൾക്ക് തിന്നാൻ കൊടുത്തു. ആമോസ് നേരെപോയി ഒരു മേട്ടിൽ എത്തി. അകലെ തന്റെ കാലികൾമേയുന്നു. ആമോസ് കാലികളെ നോക്കിയിട്ട് ഒരു മരത്തിന്റെ കീഴെ ഇരുന്നു. മഞ്ഞു് മാറിയിരുന്നു. പ്രസന്നമായിരുന്നു അന്തരീക്ഷം–

എന്തു നല്ല പ്രകൃതി–

ഈ പ്രകൃതിയെ മടുപ്പിക്കാത്ത സൗന്ദര്യധാമമായിരുന്ന കർത്താവിന് അദ്ദേഹം നന്ദി പറഞ്ഞു. പരിശുദ്ധൻ തന്നെ ഏല്പിച്ച ദൂതു് ഭംഗിയായി നിർവ്വഹിക്കാൻ ആമോസ് കരുതി.

ആമോസ് പുല്ലരപ്പിൽ മലന്നു കിടക്കുന്നു. ആകാശത്തു് മേഞ്ഞു് നടക്കുന്ന മേഘത്തിന്റെ ആട്ടിൻകുട്ടികൾ. പലതും തള്ളയെയന്വേഷിച്ച് ഓടുകയാണ്. അവയിലൂടെ ആമോസ് ധ്യാനത്തിലായി. ഏകാന്തവും നിർല്ലീനവുമായ ധ്യാനം.

കർത്താവിലേക്ക് ആമോസ് ലയിക്കുകയായിരുന്നു.

പെട്ടെന്ന് ഒരു ശബ്ദം താഴ്‌വരയിലേക്ക് ഒലിച്ചിറങ്ങി–

ആ ശബ്ദത്തിൽ മുങ്ങി ആമോസ് ഉണർന്നു. ആമോസിന്റെ ബോധം താഴ്‌വരയിലേക്കു വന്നു. അദ്ദേഹം നന്നേ വിയർത്തിരുന്നു. ആ കണ്ണുകൾ നന്നെ ചുരുങ്ങിയിരുന്നു. ആ ബോധം സാധാരണ അവസ്ഥയിലേക്കു വന്നപ്പോഴേക്കും ആമോസ് അവശനായിരുന്നു.

മേട്ടിലെ കുളിർകാററ് ആമോസിനെ തഴുകി.

പെട്ടെന്നാണ് ആ കാഴ്ച ആമോസ് കണ്ടതു്.

കുറേആളുകൾ താഴ്‌വര കയറി പോകുന്നു.

നല്ല വേഷവിധാനമുള്ളവർ. കുറേ പേർ കോവർ കഴുതയുടെ പുറത്താണ് പോകുന്നതു്. അവരുടെകൂടെ കൊഴുത്ത കുഞ്ഞാടുകളുമുണ്ട്–

അവരിനി യാത്രക്കാരാം.

മേട്ട് മാറി താമസത്തിനു പോകുന്നവരാം.

അവർ പോകുന്ന വഴിയിലാണ് ആമോസിന്റെ കാലിപ്പററങ്ങൾ: ആമോസ് അങ്ങോട്ട് ചെന്നു.

ആമോസിനെ അവർ കണ്ടു.

'അല്ല ആമോസോ. ....നീ ഇവിടെ'

ഇതു് ത്രുത്തും കൂട്ടരുമാണല്ലോ. തന്റെ അയൽക്കാർ. ദൂരെയിരുന്നതുകൊണ്ട് അറിഞ്ഞില്ല.

'ത്രുത്തേ നീ എങ്ങോട്ട്. ദൂരയാത്രക്കാണല്ലോ പുറപ്പാട്'

'അതേ - ഞങ്ങൾ ബെഥേലിലേക്കു പോകുന്നു'

എന്തിന്....?

'നീ എന്താ ഒന്നുമറിയാത്തവനെപ്പോലെ....'

ആമോസ് ചിരിച്ചു.

'ആ കുഞ്ഞാടുകളെ ബലി കൊടുക്കാൻ കൊണ്ടുപോകുകയാണ്'

'അതു ശരി. ആരാധനാലയത്തിലേക്കാണ് അല്ലേ'

'അതേ' എന്താ വരുന്നുണ്ടോ? നീ കൂടെയുള്ളതു് ആശ്വാസമാണ്. നിനക്കു് എല്ലാമറിയാവുന്നതുകൊണ്ട് വഴി തെററത്തില്ല. കാഴ്ചകൾ പറഞ്ഞു തരാൻ കഴിയുകയും ചെയ്യും.

ആമോസിന്റെ മനസ്സിൽ ആരോ മന്ത്രിച്ചു.

'നീ പോകണം. നീ അവിടെ പോകണം'

ആമോസ് പറഞ്ഞു 'ഞാൻ വരാം. നിങ്ങൾ നടന്നുകൊള്ളുക. രാത്രിക്കു മുമ്പ് കൂടെ എത്തിയേക്കാം...'

ആമോസ് കാലികളുമായി വീട്ടിലേക്കു മടങ്ങി.

ഒരു പരിവർത്തനത്തിന്റെ ആരംഭം–

ഒരു പ്രവാചകന്റെ തിരുഹൃദയം തുറക്കുന്ന നിമിഷങ്ങൾ ഉണരുകയായി.

●

## തുളസിക്കോട്ടുകൾ

കവിത

# പുറപ്പാട്

രാജു പാമ്പാടി

അന്ധകാരമേ നീ വഴിമാറുക
അത്ഭുതകാന്തി പാരിൽ പരന്നിടാൻ,
രാക്കിളികളെ പോകുവിനുഷ–
പ്രാവുകൾ പറക്കട്ടെ വിഹായസ്സിൽ.
നാലു നൂററാണ്ടിൻ പാരതന്ത്ര്യത്തെ
നാളെ ശാശ്വതമായി മാററിടാം,
'സീനായി'ലുദിയ്ക്കുന്ന സ്വാതന്ത്ര്യ–
സൂര്യനെയെതിരേററിടാം നാളെ,
കൈയിലേന്തിയ കൽപ്പലകയിൽ
കൽപ്പനയുമായ് നായകാ വരൂ,
പാറയിൽനിന്നും നീരു നൽകുമെ–
ഹോവതൻ വടിയേന്തി നീ വരൂ;
മുൾപ്പടപ്പിന്റെയുള്ളിലുണന്ന–
ദിവ്യദൂതുകളോതി നീ വരൂ,
മേഘസ്തംഭത്തിൻ ഛായയുമഗ്നി–
തൻവെളിച്ചവുമായി നീ വരൂ.
മിസ്രയിമിൻ നുകങ്ങൾ ചുമലിൽ–
നിന്നിറക്കുവാൻ നീ വരൂ വേഗം,
ഇസ്രയേലിൻ വാഗ്ദത്ത ദേശത്തേ–
ക്കിന്നു നീ വഴികാട്ടുക പ്രഭോ!
മിസ്രയിമിന്റെ മാംസപാത്രങ്ങൾ
വേണ്ട, സ്വർഗ്ഗത്തിൻ മന്ന നൽകുക,
മിസ്രയിമിന്റെ മുന്തിരിയട–
വേണ്ട, ജീവജലത്തെ നൽകുക.
'മാറ'യിൽനിന്നും തേൻകണങ്ങളും,
ചെങ്കടലിൽ തുവന്നിലങ്ങളും
നീയരുളുക നിത്യമക്ഷയാ–
നുഗ്രഹങ്ങളെ ജീവനായകാ!
ഘോരമാമടിമത്തമേകിയ–
വേനലിൻ ഹൃദയം തപിയ്ക്കവെ,
ക്രൂരമാമദ്ധ്വാനങ്ങളേകിയ–
തീവെയിലിൽ കൈകാൽ കുഴയവെ,
നിന്റെ നാമം വിളിക്കട്ടെ പ്രഭോ
നീയരുളുക മോചനമാർഗ്ഗം,
നിന്നിലാശ്രയിച്ചീടട്ടെ ഞങ്ങൾ
നിന്നെയാരാധിച്ചീടട്ടെ നിത്യം.

